# സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307


**നടപടിക്രമം**

വിദ്യാഭ്യാസം- സാങ്കേതികം- സാങ്കേതിക വിദ്യാഭ്യാസ കാര്യാലയം, തിരുവനന്തപുരം- ഇടുക്കി, പൈനാവ് ഗവണ്മെൻറ് എഞ്ചിനീയറിംഗ് കോളേജിലെ സെൻട്രലൈസ്ഡ് കമ്പ്യൂട്ടർ ഫെസിലിറ്റി ലാബിൽ സീലിംഗ് വർക്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ട്- ഭരണാനുമതി അനുവദിച്ച് ഉത്തരവാകുന്നു.

---

പർച്ചേസ് (എ) വിഭാഗം

നം: D1/24514/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 20.07.2023

---

വായന:- 1. പ്രിൻസിപ്പൽ സർക്കാർ എഞ്ചിനീയറിങ് കോളേജ് പൈനാവിന്റെ കത്ത് നംബർ P3/1354/23/GECI തീയതി. 13/06/2023
2. ഇടുക്കി പൊതുമാരമത് കെട്ടിട വിഭാഗം EST No. PWD/BLDG/EST/6973/2023-5-1-1)
3. 29/03/2023 തീയതിയിലെ സ്ഥാപനതല പർച്ചേസ് കമ്മിറ്റി മിനിട്സ്.

**ഉത്തരവ്**

ഇടുക്കി, പൈനാവ് ഗവണ്മെൻറ് എഞ്ചിനീയറിംഗ് കോളേജിലെ സെൻട്രലൈസ്ഡ് കമ്പ്യൂട്ടർ ഫെസിലിറ്റി ലാബിൽ സീലിംഗ് വർക്ക് ചെയ്യുന്നതിന് ₹ 5,79,000/- യുടെ ഭരണാനുമതി 2203-00-112-41-17 MW പ്ളാൻ ശീർഷകത്തിൽ അനുവദിയ്ക്കണമെന്ന് വായന 1 പ്രകാരം സ്ഥാപനമേധാവി അപേക്ഷ സമർപ്പിച്ചിരുന്നു. വായന 2, 3 പ്രകാരം, ഇടുക്കി, പൈനാവ് പൊതുമരാമത്ത് വകുപ്പ് കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയ ₹ 5,79,000/-(അഞ്ച് ലക്ഷത്തി എഴുപത്തി ഒൻപതിനായിരം രൂപ മാത്രം) യുടെ എസ്റ്റിമേറ്റ്, സ്ഥാപനതല പർച്ചേസ് കമ്മിറ്റി മിനിട്സ് എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. അപേക്ഷ വിശദമായി പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ മേൽ പ്രവൃത്തി ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് കണ്ടെത്തി, ഭരണാനുമതി അനുവദിയ്ക്കാവുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇടുക്കി, പൈനാവ് ഗവണ്മെൻറ് എഞ്ചിനീയറിംഗ് കോളേജിലെ സെൻട്രലൈസ്ഡ് കമ്പ്യൂട്ടർ ഫെസിലിറ്റി ലാബിൽ സീലിംഗ് വർക്ക് ചെയ്യുന്നതിന് ₹ 5,79,000/-(അഞ്ച് ലക്ഷത്തി എഴുപത്തി ഒൻപതിനായിരം രൂപ മാത്രം) യുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവാകുന്നു.

പ്രസ്തുത പ്രവൃത്തി പൂർണ്ണമായും സർക്കാർ ചട്ടങ്ങൾ പാലിച്ചുകൊണ്ട് ഡെപ്പോസിറ്റ് വർക്കായി ചെയ്യേണ്ടതാണ്.

മേൽ കണക്കിൽ ചെലവഴിക്കേണ്ട തുക 2203-00-112-41-17 എം ഡബ്ല്യൂ പ്ളാൻ ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

നിബന്ധനകൾ:

- ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്.
- ഫീൽഡ് സ്ഥാപനവും നിർവഹണ ഏജൻസിയും സംയുക്തമായി മൂന്ന് മാസത്തിലൊരിയ്ക്കൽ, പ്രസ്തുത പ്രവൃത്തി പൂർത്തിയാകുന്നതു വരെ അവലോകനം നടത്തേണ്ടതാണ്.
- പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം ധനവിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

പകർപ്പ്
1. അക്കൌണ്ട്സ് സെക്ഷൻ
2. പ്രിൻസിപ്പാൾ, ഗവ.എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി.
3. ഫിനാൻസ് ഓഫീസറുടെ സി എ / ഫിനാൻസ് എ വിഭാഗം
4. ടെക്നിക്കൽ ഓഫീസർ
5. സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

Draft #1 of File D1/24514/23/DTE Approved by Director (in-charge) on 20-Jul-2023 08:07 PM - Page 1

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 20.07.2023
Reason: Approved

Draft #1 of File D1/24514/23/DTE Approved by Director (in-charge) on 20-Jul-2023 08:07 PM - Page 2

The document is digitally approved. Hence signature is not needed.